(സി) ധനകാര്യ വകുപ്പുമന്ത്രി തീരുമാനം എടുത്തയച്ച എത്ര ഫയലുകൾ മുഖ്യമന്ത്രി കാണുന്നതിലേക്ക് തിരികെ വിളിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എം. മാണി രാജിവച്ച് ഒഴിയുമ്പോൾ അദ്ദേഹത്തിന്റെ പരിഗണനയ്ക്കായി സമർപ്പിക്കപ്പെട്ടിട്ടുണ്ടായിരുന്ന 41 ഫയലുകളിൽ തീരുമാനം എടുക്കാൻ ബാക്കി നിൽപ്പുണ്ടായിരുന്നു.

(ബി) രാജിവച്ച ദിവസവും തലേദിവസവും ആകെ 28 ഫയലുകളിൽ മന്ത്രി തീരുമാനങ്ങൾ എടുക്കുകയുണ്ടായി ; രാജിവച്ചശേഷം ഒരു ഫയലിലും തീരുമാനം എടുത്തിട്ടില്ല. തീരുമാനം എടുക്കാതെ തിരിച്ചയച്ച ഫയലുകളുടെ എണ്ണം - 41.

(സി) ധനകാര്യ വകുപ്പുമന്ത്രി തീരുമാനം എടുത്തയച്ച ഫയലുകളൊന്നുംതന്നെ മുഖ്യമന്ത്രി കാണുന്നതിലേയ്ക്ക് തിരികെ വിളിച്ചിട്ടില്ല.

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറും റിലയൻസ് അസറ്റ് റീ കൺസ്ട്രക്ഷൻ കമ്പനിയുമായുള്ള കരാർ

3 (3) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ~~അങ്ങ്~~. കെ. അജിത് :
ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കടിശ്ശികയായ വായ്പകൾ പിരിച്ചെടുക്കാൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ റിലയൻസ് അസറ്റ് റീ കൺസ്ട്രക്ഷൻ കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ടോ ;

(ബി) ഏതെല്ലാം തരത്തിലുള്ള വായ്പാ കടിശ്ശികകൾ പിരിച്ചെടുക്കുന്നതിനാണ് എസ്.ബി.ടി. പ്രസ്തുത കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ളത്; ഈ വായ്പാ പരിധി എത്രവരെയാണെന്ന് വ്യക്തമാക്കുമോ ;

(സി) ഇതിനകം വായ്പാ കടിശ്ശിക്കുവേണ്ടി എത്ര കുടുംബങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) എസ്.ബി.ടി തുടങ്ങിവച്ച മാതൃക മറ്റ് ബാങ്കുകളും സ്വീകരിച്ചാൽ സംസ്ഥാനത്ത് പല കുടുംബങ്ങളും പ്രതിസന്ധിയിലാകുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അപ്രകാരം പ്രതിസന്ധി ഉണ്ടാകാതിരിക്കാൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിഞ്ഞ മൂന്ന് വർഷത്തോളം റിക്കവറി നടപടികൾ സ്വീകരിച്ചിട്ടും നടക്കാതെ വന്ന 4 ലക്ഷം രൂപയോ അതിന് താഴെയുള്ളതോ ആയ വിദ്യാഭ്യാസ വായ്പാ കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

(സി) റിലയൻസ് എ.ആർ.സി. വായ്പക്കാർക്ക് കത്തയച്ചും ഫോണിൽ ബന്ധപ്പെട്ടും നേരിട്ട് സന്ദർശിച്ചും റിക്കവറി നടപടികൾ സ്വീകരിച്ചുവരികയാണ്. കഴിഞ്ഞ 5 മാസത്തിനുള്ളിൽ 2800 വായ്പക്കാരെ ഫോണിൽ ബന്ധപ്പെടുകയും 1000 വായ്പക്കാരെ നേരിട്ട് സന്ദർശിക്കുകയും ചെയ്തു. വായ്പക്കാർക്കെതിരെ റിലയൻസ് എ.ആർ.സി. യാതൊരു നിയമനടപടിയും സ്വീകരിച്ചിട്ടില്ല.

(ഡി) പൊതുമേഖലാ ബാങ്കായ എസ്.ബി.റ്റി.-യുടെ വിദ്യാഭ്യാസ വായ്പയുടെ എൻ.പി.എ. കുടിശ്ശിക പിരിച്ചെടുക്കാൻ സ്വകാര്യ സ്ഥാപനമായ റിലയൻസിനെ എസ്.ബി.റ്റി. ചുമതലപ്പെടുത്തിയിരുന്നു. എസ്.ബി.റ്റി.-യുടെ ഈ തീരുമാനം പിൻവലിക്കാൻ എസ്.ബി.റ്റി. മാനേജ്മെന്റിന് നിർദ്ദേശം നൽകുന്നതിന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് 29-7-2015-ൽ കേരള നിയമസഭ പ്രമേയം പാസ്സാക്കി ഈ വിവരം അറിയിച്ചുകൊണ്ട് ധനകാര്യ വകുപ്പിൽനിന്നും കേന്ദ്ര സർക്കാരിന്റെ ധനകാര്യ മന്ത്രാലയത്തിന് കത്തയച്ചിരുന്നു. കേന്ദ്ര ധനകാര്യ മന്ത്രാലയത്തിൽനിന്നും പ്രതികരണമൊന്നും ലഭിച്ചിട്ടില്ല.

ശമ്പള പരിഷ്കരണം

4 (5) ശ്രീ. റ്റി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവനക്കാർക്കും, അധ്യാപകർക്കു നടപ്പുവർഷം ശമ്പള പരിഷ്കരണം നടത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) എങ്കിൽ ഏത് മാസം മുതലാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പരിഗണനയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly